ക്ഷണിക്കുന്നു. പ്രശ്നങ്ങളിൽ അതിരൂക്ഷവും ശക്തിമത്തുമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി എന്നു വന്നേക്കാം. എങ്കിലും നാടിന്റെയും നാട്ടാരുടെയും നൻമയാണ് പരമലക്ഷ്യം. ആ ലക്ഷ്യബോധത്തോടും പ്രവർത്തനക്ഷമത നിലനിർത്താനാവശ്യമായ സഹിഷ്ണുതയോടുംകൂടി ബഹുമാനപ്പെട്ട എല്ലാ മെംബർമാരും ഇവിടെ നടക്കുന്ന ചർച്ചകളിൽ പങ്കുകൊള്ളണമെന്ന് എനിക്കു പ്രത്യേകമായ അപേക്ഷയുണ്ട്. കേരളത്തിന്റെയും കേരളീയരുടെയും അന്തസ്സുയർത്തുമാറ് ഉന്നതമായ ജനാധിപത്യമാനദണ്ഡങ്ങൾക്കനുസൃതമായി ഈ സഭയുടെ നടപടികൾ കൊണ്ടുപോകാൻ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും എന്നെ സഹായിക്കണമെന്ന് ഓരോ അംഗത്തോടും വ്യക്തിപരമായി ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ശ്രമകരവും ഭാരിച്ചതുമായ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിറവേറ്റാൻ കഴിയും, നിങ്ങളുടെ എല്ലാവരുടെയും സഹായസഹകരണങ്ങളുണ്ടെങ്കിൽ, എന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ വളരെ പരിചയസമ്പന്നമായ നിയമസഭാ സ്റ്റാഫ് ഉണ്ട്. നിയമസഭാ സെക്രട്ടറിയെ സംബന്ധിച്ച് പറഞ്ഞാൽ അദ്ദേഹവും ഞാനുമായിട്ടുള്ള ബന്ധം ഗുരുവിന്റേതും ശിഷ്യന്റേതുമാണ്. ആ ബന്ധത്തിന്റെയും പരിചയ സമ്പന്നരായ സ്റ്റാഫിന്റെയും സഹായത്തോടുകൂടി എന്റെ കർത്തവ്യങ്ങൾ കൂടുതൽ പൂർണ്ണമായി നിറവേറ്റൻകഴിയുമെന്ന പ്രതീക്ഷയോടുകൂടി, ഒരിക്കൽക്കൂടി നിങ്ങൾക്കോരോരുത്തർക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു. നിങ്ങൾക്ക് ഒരിക്കൽക്കൂടി നന്ദി.

ആർഡർ, ആർഡർ, തിരഞ്ഞെടുപ്പുകഴിഞ്ഞനിലയ്ക്കു അൽപസമയം പുറത്തുകഴിഞ്ഞശേഷം വീണ്ടും കൂടണം എന്ന ഒരു നിർദ്ദേശമുണ്ട്. പത്തുമിനിട്ടു കഴിഞ്ഞിട്ടു നമുക്കു വീണ്ടും ചേരാവുന്നതാണ്. ഇപ്പോൾ പിരിഞ്ഞിട്ട് 9.30 നു സഭ വീണ്ടും സമ്മേളിക്കുന്നതാണ്.

(സഭ 9.30-ന് വീണ്ടും കൂടുന്നതിലേയ്ക്കായി 9.15-ന് പിരിഞ്ഞു.)

(സഭ 9.30 നു ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു)

* * * * * *

II. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബ്ബ്, ശ്രീ. സി.എസ്. നീലകണ്ഠൻ നായർ, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ 6-ാം കേരള നിയമസഭയുടെ 7-ാം സമ്മേളനത്തിലേക്ക് ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തെ സംബന്ധിച്ചു ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ പോയിന്റ് ആഫ് ഓർഡർ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, വളരെ ഗൗരവമുള്ള ഒരു പോയിന്റ് ഓഫ് ഓർഡറാണ് ഞാൻ ഉന്നയിക്കുന്നത്. എന്റെ പോയിന്റ് ഓഫ് ഓർഡർ ഈ സഭയുടെ ഇനിയുള്ള നടപടികൾ ഓർഡറിൽ അല്ലെന്നുള്ളതാണ്. അത് റെയിസ് ചെയ്യാൻ കാരണം അങ്ങേയ്ക്കും അറിയാവുന്നതുപോലെ ആർട്ടിക്കിൾ 176 അനുസരിച്ച് ഒരു വർഷം ആരംഭിക്കുമ്പോൾ ഗവർണ്ണറുടെ പ്രസംഗത്തോടുകൂടി മാത്രമേ നിയമസഭയ്ക്കു തുടരാൻ സാധിക്കുകയുള്ളു എന്നുള്ളതാണ്. ഗവർണ്ണറുടെ പ്രസംഗത്തെ സംബന്ധിച്ച് വളരെ വ്യക്തമായി 176-ാം ആർട്ടിക്കിളിൽ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Article 176 (1) :— At the commencement of the first session after each general election to the Legislative Assembly and at the commencement of the first session of each year, the Governor shall address the Legis lative Assembly or, in the case of a State having a Legislative Coun cil, both Houses assembled together and inform the Legislature of the cause of its summons. ഒന്ന്, ഗവർണ്ണർ ഈ നിയമസഭയെ അഡ്രസ്സ് ചെയ്യണം. വെറുതെ പ്രസംഗം പ്രസംഗിച്ചാൽ പോരാ, രണ്ടാമത് ഒരു കാര്യം കൂടി ഈ ആർട്ടിക്കിളിൽ പറഞ്ഞിട്ടുണ്ട്. അത് എന്തിനാണ് ഞങ്ങളെ സമൺ ചെയ്ത് എന്നുള്ളതാണ്. ഇത് എല്ലാവർഷവും ചെയ്യണം. ഈ വർഷത്തേയ്ക്ക് ഈ നിയമസഭയെ സമൺ ചെയ്യുമ്പോഴും ഈ നിയമസഭാസാമാജികൻമാരെ ഈ വർഷത്തെ ഈ നിയമ സഭയിലെ എന്ത് പ്രവർത്തനത്തിനു വേണ്ടിഞാൻ സമൺ ചെയ്തിരിക്കുന്നു എന്നുള്ള കാര്യം ഗവർണ്ണറുടെ അഡ്രസ്സിൽ കാണണം. ഗവർണ്ണർ ഈ നിയമസഭയിൽ ഹാജരായി, വെറുതെ ഹാജരായതുകൊണ്ടുമാത്രമായില്ല.

മി. സ്പീക്കർ : പോയിൻറ് ഓഫ് ഓർഡർ ആയിട്ട് പറയണം. നീട്ടി കൊണ്ടുപോകരുത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവർണ്ണർ ഭരണഘടന അനുശാസിക്കുന്ന രീതിയിൽ ഈ നിയമസഭയിൽ ഒരു പ്രസംഗം ചെയ്തിട്ടില്ലെന്നുള്ളതാണ് എന്റെ Contention അത് അങ്ങേയ്ക്ക് വെരിഫൈ ചെയ്യാം.

മി. സ്പീക്കർ : പോയിൻറ് ഓഫ് ഓർഡർ ആയിരിക്കണം പറയുന്നത്. പ്രസംഗം ആയിരിക്കരുത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ പോയിൻറ് റെയിസ് ചെയ്തു. ഗവർണ്ണർ ഭരണഘടന അനുശാസിക്കുന്ന 176-ാം വകുപ്പനുസരിച്ചുള്ള ഒരു പ്രസംഗം ചെയ്തിട്ടില്ലെന്നുള്ളതാണ് എന്റെ പോയിൻറ്. അങ്ങനെ പ്രസംഗം ചെയ്തിട്ടില്ലെങ്കിൽ it is a must അങ്ങനെയല്ലെങ്കിൽ ആ സെഷൻ ഇനി കണ്ടിന്യൂ ചെയ്യാൻ സാധിക്കുകയില്ല.

Mr. Speaker : Please come to the point

Shri E. Chandrasekharan Nair : Sir, I hope I have made it very clear that if it is found that the Governor has not addressed the House as contemplated. as envisaged in Article 176 of the Constitution, the House cannot continue. That is my point of order. എന്തുകൊണ്ടാണെന്നുള്ളതിന് ഒരു വാക്കിൽ എക്സ്പ്ലയിൻ ചെയ്യാം. ഗവർണ്ണർക്ക് വേണമെങ്കിൽ അഡ്രസ് മുഴുവൻ വായിക്കാതിരിക്കാം. ആ കാര്യത്തിൽ കൽക്കട്ടാ ഹൈക്കോടതിയുടെ വിധി ഉണ്ട്. അതിൽ ഗവർണ്ണർ പറഞ്ഞു കുറേഭാഗം വായിച്ചിട്ടുണ്ട്.

(ബഹളം)

ഞാൻ പറയുന്നതിൽ ഒരു വാക്ക് ഇറലവൻറ് ആണെങ്കിൽ അത്, വിത്ഡ്രാ ചെയ്യാൻ തയാറാണ്. ഗവർണ്ണർ ഇവിടെ പ്രസംഗം മുഴുവൻ വായിച്ചിട്ടില്ല. കൽക്കട്ടാ ഹൈക്കോടതിയുടെ ഒരു വിധി ഉണ്ടായിട്ടുണ്ട്. ആ പർട്ടിക്കുലർ കേസിൽ ഗവർണ്ണർ മുഴുവൻ പ്രസംഗവും വായിച്ചില്ല. മുഴുവൻ വായിച്ചില്ലെങ്കിലും, കുറെ വായിച്ചിട്ട് (This will be treated) as read എന്നു പറഞ്ഞു. This is laid on the Table എന്നു പറഞ്ഞു.

Mr. Speaker : Plase come to the point.

LIBRARY ARCHIVES Kerala Legislative Assembly

Shri E. Chandrasekharan Nair : Sir, I am explain the point. ഞാൻ പറയുന്നത് ഇറലവൻറ് ആണെന്നു പറയാൻ സാധിക്കുകയില്ല ; ഇവിടെ നേരത്തെയുള്ള ഭരണഘടനാവിധി അനുശാസിക്കുന്ന രീതിയിൽ അല്ലാ. ഏതാനും പാരഗ്രാഫ് വായിച്ചിട്ട് പോവുകയാണ് ചെയ്തത്. ഗവർണ്ണർ ഈ നിയമസഭയിൽ പ്രസംഗത്തിന്റെ ബാക്കിഭാഗം ഞാൻ വായിച്ചതായികരുതണമെന്നു പറഞ്ഞിട്ടില്ല. ഇതാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ : ഇതുവരെ പോയിൻറ് എന്താണ് എന്ന് പറഞ്ഞിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ പോയിൻറ് റെയ്സ് ചെയ്തു. അതായത് ഗവർണ്ണർ ആർട്ടിക്കിൾ 176 അനുസരിച്ചുള്ള പ്രസംഗം നിയമസഭയിൽ ചെയ്തിട്ടില്ലാത്തതുകൊണ്ട് ഭരണഘടനാപരമായി നിയമസഭയിൽ ഫർദർ പ്രൊസീഡിംഗ്സ് തുടരാൻ സാദ്ധ്യമല്ലെന്നുള്ളതാണ് എന്റെ പോയിൻറ് ഓഫ് ഓർഡർ. ആ പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്തു കൊണ്ടാണ് എന്തുകൊണ്ട് റെയിസ് ചെയ്തു എന്നു പറയുന്നത്.....

മി. സ്പീക്കർ : പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്തു കഴിഞ്ഞു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ ഇരിക്കണം.

(ബഹളം)

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എന്റെ പോയിൻറ് ഓഫ് ഓർഡറിനുള്ള ക്ലാരിഫിക്കേഷൻ ഉണ്ട്. പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്ത് കഴിഞ്ഞാൽ എന്തുകൊണ്ട് റെയിസ് ചെയ്തെന്നുള്ളത് പറയാനുള്ള അവസരം കൊടുക്കണമെന്നുള്ളതാണ്. 57 മുതലേ ഞാൻ ഇവിടെ ഉണ്ട്.

മി. സ്പീക്കർ : പോയിൻറ് റെയിസ് ചെയ്തു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങും ഗവർണ്ണർ പ്രസംഗിച്ചപ്പോഴും ഇവിടെ ഹാജരായിരുന്നു. ഈ നിയമസഭയുടെ ഇതുവരെയുള്ള നടപടിക്രമമനുസരിച്ച് പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യുന്ന ആളുകൾക്ക് അത് റലവൻറ് ആണെന്നുള്ള കാര്യം വിശദീകരിക്കാൻ അവസരം കൊടുക്കണമെന്നതാണ്. ഇത് വളരെ ഗൗരവമുള്ളതാണ്.

(ബഹളം)

മി. സ്പീക്കർ : കുറേ സമയം എടുത്തുകഴിഞ്ഞു. ഇനി പോയിൻറ് ഓഫ് ഓർഡറിനെപ്പറ്റി പറയാനുള്ളത് പറഞ്ഞിട്ട് ഇരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവർണ്ണർ പ്രസംഗത്തിന്റെ കുറച്ചുഭാഗം വായിച്ചിട്ട് പോയി. പക്ഷെ ആം ഇൻഡ്യ റേഡിയോയിലൂടെ ഗവർണ്ണർ ബാക്കിയുള്ള പ്രസംഗം പ്രസംഗിച്ചതായി പരിഗണിക്കണമെന്നു പറഞ്ഞതായി പറഞ്ഞു. ഗവർണ്ണർ ഞാൻ ബാക്കിഭാഗം പ്രസംഗിച്ചതായി പരിഗണിക്കണമെന്നു നിയമസഭയിൽ പറഞ്ഞിട്ടില്ല. ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു എന്നും പറഞ്ഞിട്ടില്ല. ഏതെങ്കിലും ഒന്നു രണ്ട് പാരഗ്രാഫ് മാത്രം വായിച്ചാൽ ഗവർണ്ണറുടെ പ്രസംഗം ആവുകയില്ല. കൽക്കട്ടാ ഹൈക്കോടതിയുടെ കാര്യം പരാമർശിക്കുന്നില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ നിന്നും രണ്ട് പാരഗ്രാഫ് ഒമിറ് ചെയ്തപ്പോഴും ഇൻഡ്യൻ പാർലമെൻറിൽ ആപ്രശ്നം വന്നു. അറോർണിജനറലിന്റെ ഒപ്പീനിയൻ വാങ്ങിച്ചു ഗവർണ്ണർക്ക് ഇഷ്ടമുണ്ടെങ്കിൽ രണ്ടോമുന്നോ പാരഗ്രാഫ് ഒഴിവാക്കാം ഈ പർട്ടിക്കുലർ കേസ്സിൽ ഗവർണ്ണർ മനഃപൂർവം വായിക്കാതെ ഇരുന്നതാണോ അല്ലയോ എന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം)

അങ്ങേയ്ക്ക് ഇത് എല്ലാ നേതാക്കൻമാരെയും വെച്ചുകൊണ്ട് പരിശോധിക്കാം. ഗവർണ്ണർ രേണഘടന അനുസരിച്ചുള്ള ഒരു പ്രസംഗം നടത്തിയിട്ടുണ്ടോയെന്നുള്ളത് ഒരു കമസ്റ്റ്യൻ ഓഫ് ഫാക്റ്റ് ആണ്. അത് അങ്ങേയ്ക്ക് ഞങ്ങളുടെ നേതാക്കൻമാരോടൊപ്പം വെരിഫൈ ചെയ്തു മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ തീർച്ചയായും ഈ നിയമസഭ തുടർന്ന് നടത്തുന്നത് ഒരിക്കലും ഓർഡറിൽ ആയിരിക്കുകയില്ല വളരെ ഗുരുതരമായ ഒരു ഭരണഘടനാപ്രശ്നം അതിൽ അന്തർലീനമായതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

മി. സ്പീക്കർ : ഇതിനുള്ള റൂളിംഗ് പരിശോധിച്ചിട്ട് നാളേയോ അതിനടുത്ത ദിവസമോ നൽകുന്നതാണ്.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട ചെയർ പോയിന്റ് ഓഫ് ഓർഡറിനെക്കുറിച്ച് പരിഗണിക്കുമ്പോൾ ഒരു കാര്യം കൂടി പരിഗണിക്കണമെന്നു വിനയപൂർവ്വം അപേക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ പറഞ്ഞത് ബഹുമാനപ്പെട്ട ഗവർണ്ണർ കോൺസ്റ്റിറ്റ്യൂഷണൽ ആയിട്ടുള്ള ഒബ്ളിഗേഷൻ നിർവ്വഹിച്ചിട്ടില്ലായെന്നാണ്. അത് തെറ്റാണ്. ഗവർണ്ണർ ഇവിടെ വന്നത് ഭരണഘടനാപരമായി അവർക്കുള്ള ഒബ്ളിഗേഷൻ നിർവ്വഹിക്കാൻ വേണ്ടിയാണ്.....

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനോട് ബന്ധപ്പെട്ട കാര്യങ്ങളും പറയുന്നുവെന്നു തോന്നിയതുകൊണ്ടാണ് അദ്ദേഹത്തെ പറയാൻ അനുവദിച്ചത്.....

(ബഹളം)

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ വന്ന് ആദ്യത്തെ ഭാഗം വായിച്ചു ; അവസാനത്തെ ഭാഗം വായിച്ചു. അന്ന് ഇവിടെ അദ്ധ്യക്ഷം വഹിച്ചിരുന്ന ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു ഇതിന്റെ കോപ്പി ബഹുമാനപ്പെട്ട മെമ്പർമാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയാണ് ചർച്ച ചെയ്യാം എന്ന്.....

(ബഹളം)

ശ്രീ. ബേബിജോൺ : അങ്ങയുടെ റൂളിംഗിനെ ഞാൻ ആദരിക്കുന്നു. പക്ഷേ ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ ഈ സഭ തുടരുന്നത് ഭരണഘടനാവിരുദ്ധമാണെന്നാണ്. അതിനെക്കുറിച്ചുള്ള റൂളിംഗ് നാളെയോ മറന്നാളോ ആകാമെന്ന് അങ്ങ് പറഞ്ഞു. അതുകൊണ്ട് അതുവരെ സഭനിറുത്തിവയ്ക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.....

(ബഹളം)

മി. സ്പീക്കർ : ഈ സഭ ഭരണഘടനാപരമായിട്ടാണോ തുടരുന്നത് എന്നുള്ളതിനെക്കുറിച്ച് റൂം ചെയ്യാനുള്ളതല്ല സ്പീക്കറുടെ ചുമതല. ഈ സഭയിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനെക്കുറിച്ച് എനിക്കു പഠിക്കാതെ ഇപ്പോഴും മറുപടി പറയാൻ കഴിയുകയില്ല. അതിനെക്കുറിച്ച് പഠിച്ച് നാളെയോ മറന്നാളോ സ്പീക്കർക്ക് പറയാനുള്ളതു പറയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്.....

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട നിയമ വകുപ്പു മന്ത്രിക്ക് ഒരു വാക്ക് പറയാനുള്ള അവസരം നൽകുകയാണ്.....

(ബഹളം)

ശ്രീ. കെ. എം. മാണി : അങ്ങ് ഇവിടെ റൂളിംഗ് നൽകുന്നതിന് മുൻപ് അതിനെസംബന്ധിച്ച് ഞങ്ങൾക്ക് പറയാനുള്ളത് കൂടി കേട്ടിട്ട് റൂളിംഗ് നൽകണമെന്നഭ്യർത്ഥിക്കുകയാണ്.....

(ബഹളം)

മി. സ്പീക്കർ : ശ്രീ. ബേബിജോണിനെയും ശ്രീ. ഇ. അഹമ്മദിനേയും സംസാരിക്കുവാൻ അനുവദിച്ചു. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും പറയാനുള്ള അവസരം നൽകുകയാണ്. ദയവായി മറ്റുള്ള അംഗങ്ങൾ ഇരിക്കണം.

ശ്രീ. കെ.എം. മാണി: അങ്ങ് റൂളിംഗ് നൽകുന്നതിന് മുൻപ് ഒരു കാര്യം കൂടി അങ്ങയുടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്നു പറയുകയാണ്...

(ബഹളം)

മി. സ്പീക്കർ : ചെയറിൽനിന്നും റൂളിംഗ് നൽകിയത് ഈ കാര്യത്തെക്കുറിച്ച് പരിശോധിച്ച് പറയാനുള്ളത് പറയാമെന്നാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അതുംകൂടി പറയാം....

(ബഹളം)

ശ്രീ. കെ. എം. മാണി : അപ്പുറത്തുനിന്നും ശ്രീ. ചന്ദ്രശേഖരൻ നായരും ശ്രീ. ബേബിജോണും പറഞ്ഞത് കേട്ടു. അപ്പോൾ ഞങ്ങൾക്ക് പറയാനുള്ളത് കൂടി കേൾക്കണം. ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻനായരും ബഹുമാനപ്പെട്ട ശ്രീ. ബേബിജോണും ഉന്നയിച്ച പ്രശ്നത്തിൻമേൽ.....

(ബഹളം)

മി. സ്പീക്കർ : ചെയറിൽനിന്നും അനുവദിച്ചിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസംഗിക്കുവാൻ തുടങ്ങിയത്. അദ്ദേഹം സംസാരിക്കട്ടെ. ദയവായി മറ്റുള്ളവർ ഇരിക്കണം.....

(ബഹളം)

ശ്രീ. കെ. എം. മാണി : ഭരണഘടനയിലെ 176-ാം വകുപ്പ് അനുസരിച്ച് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ പ്രസംഗിച്ചു. അതിനെക്കുറിച്ച് ഗവൺമെൻറിന് ഗവൺമെൻറിൻെറ ഭാഗം പറയാനുള്ള അവകാശമുണ്ട്. അത് കേൾക്കണം. പോയിൻറ് ഓഫ് ഓർഡറിന് മറുപടി പറയുമ്പോൾ ഞങ്ങൾക്ക് പറയാനുള്ള ഭാഗവുംകൂടി നിരത്തിവച്ചിട്ട് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.....

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചെയറിൽനിന്നു എഴുന്നേറ്റു നിൽക്കുമ്പോഴും ഇരിക്കുവാനുള്ള സൻമനസ്സ് ബഹുമാനപ്പെട്ട അംഗങ്ങൾ കാണിക്കണം. ബഹുമാനപ്പെട്ട ഇ. കെ. പിള്ള ഇരിക്കണം. ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിനെക്കുറിച്ച് ശ്രീ ഇ. അഹമ്മദും ശ്രീ ബേബിജോണും അവർക്ക് നൽകാനുള്ള ക്ലാരിഫിക്കേഷൻ നൽകിക്കഴിഞ്ഞു. അതുപോലെ ബഹുമാനപ്പെട്ട നിയമവകുപ്പു മന്ത്രിക്കും എന്തോ പറയാനുണ്ട്. അതു പറയാൻ അനുവദിച്ചിരിക്കുന്നു. അതുകൂടി കേൾക്കുവാനുള്ള സൻമനസ്സ് ബഹുമാനപ്പെട്ട അംഗങ്ങൾ കാണിക്കണം.....(ബഹളം)

ശ്രീ കെ. എം. മാണി : ഇവിടെ ഏതെങ്കിലും ഒരു മെമ്പർ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചു കഴിഞ്ഞാൽ അതിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ നിലപാട് വ്യക്തമാക്കുവാൻ ഗവൺമെൻറിന് അവകാശമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ നിശബ്ദരായി ഇരുന്നാൽ തീർച്ചയായും സഹകരിക്കുവാൻ തയ്യാറാണ്.

ശ്രീ. സി. എ. കുര്യൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ നിയമസഭയിൽ ഒരു മെമ്പർ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയും അതിനെ സംബന്ധിച്ച് എക്സ്പ്ലനേഷൻ കോരിക്കുകയും ബഹുമാനപ്പെട്ട സ്പീക്കർ അത് പരിശോധിച്ച് ടേപ്പു പരിശോധിച്ച് റൂളിംഗ് നൽകാമെന്ന് ഈ സഭയിൽ അനൗൺസ് ചെയ്യുകയും ചെയ്തതിനുശേഷം വീണ്ടും അതിനെക്കുറിച്ച് ഉള്ള ചർച്ച അനുവദനീയമാണോ ? അല്ല എന്നാണ്.....(ബഹളം)

മി. സ്പീക്കർ : ചെയറിൽ നിന്നും പറഞ്ഞത് ശ്രീ. സി. എ. കുര്യൻ കേട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ പറഞ്ഞത് ഈ കാര്യത്തെക്കുറിച്ച് പരിശോധിച്ച ശേഷം എനിക്ക് പറയാനുള്ളത് പറയാമെന്നാണ്. അതിനെ സംബന്ധിച്ച് ശ്രീ. ഇ. അഹമ്മദ് പറയാനുള്ളത് പറഞ്ഞു. ശ്രീ. ബേബി ജോൺ പറയാനുള്ളതു പറഞ്ഞു അതിനുശേഷം ഫിനാൻസ് മിനിസ്റ്ററെ അതിനു ക്ഷണിച്ചതാണ് അതിനുശേഷം ഇങ്ങനെ പറയേണ്ട കാര്യമില്ല

(ബഹളം)

ശ്രീ. സി. ബി. സി. വാര്യർ : അങ്ങ് റൂൾ ചെയ്തു കഴിഞ്ഞു. ഇനി അതിനെക്കുറിച്ച് ശ്രീ. കെ. എം. മാണിക്ക് എന്ത് സംസാരിക്കാനാണ്.

ശ്രീ കെ. എം. മാണി : ചെയറിൽ നിന്നും റൂളിംഗ് നൽകിയിട്ടില്ല. ഈ നിയമസഭയിൽ ഒരു പോയിൻറ് ഓഫ് ഓർഡർ ഉണ്ടായാൽ അതിൻെറ വിശദാംശങ്ങളെ സംബന്ധിച്ച് മറ്റൊരു മെമ്പർക്ക് പറയാനുള്ള അവകാശമുണ്ട്.

(ബഹളം)

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.

ശ്രീ. പി. ജെ. ജോസഫ് : അപ്പുറത്തുള്ളവർക്ക് മാത്രമേ എല്ലാം സംസാരിക്കാവൂയെന്നുണ്ടോ?.....ബഹളം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ ഇരിക്കണം. ചെയറിൽ നിന്നും എഴുന്നേറ്റ് നിൽക്കുമ്പോൾ ഇരിക്കണമെന്ന് ബഹുമാനപ്പെട്ട സി. ബി. സി. വാര്യരെ ഞാൻ പഠിപ്പിക്കേണ്ട കാര്യമൊന്നുമില്ല, ഇവിടെ ശ്രീ. ചന്ദ്രശേഖരൻ നായർ ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിനെക്കുറിച്ച് പഠിച്ച് ചെയറിൽനിന്നു പറയാനുള്ളത് പറയാമെന്ന് പറഞ്ഞു. എന്തായാലും സഭാനടപടികൾ ഇങ്ങനെ കൊണ്ടുപോയാൽ ബുദ്ധിമുട്ടുണ്ടാകും. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് പറയാനുള്ളത് പറയാനുള്ള അവസരം ഞാൻ വീണ്ടും നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ആർട്ടിക്കിൾ 176 അനുസരിച്ച്..(ബഹളം) ബഹളമുണ്ടാക്കിയതുകൊണ്ട് കാര്യമില്ല. പറയാനുള്ളതു കേൾക്കണം.

മി. സ്പീക്കർ : ചെയറിൽ നിന്ന് പറഞ്ഞതിനുശേഷമാണ് അദ്ദേഹം പറയുന്നത്.

ശ്രീ. കെ. എം. മാണി : അങ്ങ് റൂളിംഗ് നൽകുന്നതിനുമുമ്പ് പോയിന്റ് ഓഫ് ആർഡറിനെപ്പറ്റി ഞങ്ങൾക്ക് പറയാനുള്ളതുകൂടി കേൾക്കണം. ആർട്ടിക്കിൾ 176 അനുസരിച്ച്.....(ബഹളം)

മി. സ്പീക്കർ : അതേക്കുറിച്ച് എന്തു ചെയ്യണമെന്നുള്ളതിനെക്കുറിച്ച് പറയാനുള്ള സ്വാതന്ത്ര്യം ചെയറിന് വിട്ടുതരണം. ശ്രീ. ചന്ദ്രശേഖരൻ നായർ സംസാരിച്ചു. അതു കഴിഞ്ഞ് ശ്രീ. അഹമ്മദും ബേബിജോണും സംസാരിച്ചു. അവർ രണ്ടുപേരും സംസാരിച്ചത്, ഞാൻ സംസാരിച്ചതിനുശേഷമാണ്. അതുപോലെയാണ് ഫൈനാൻസ് മിനിസ്റ്ററേയും സംസാരിക്കാൻ അനുവദിച്ചത്. (ബഹളം) ശ്രീ. പങ്കജാക്ഷനും അതുപോലെ പരിചയമുള്ള മെമ്പർമാരും ഇങ്ങനെ തുടങ്ങിയാൽ ബുദ്ധിമുട്ടാണ്.

ശ്രീ. കെ. എം മാണി : ആർട്ടിക്കിൾ 176-ാം വകുപ്പനുസരിച്ച് ഗവർണ്ണർ ഇവിടെ പ്രസംഗിക്കുകയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ഗവർണ്ണർ ഇവിടെ വന്നിട്ട് ആ പുസ്തകത്തിലെ പ്രസംഗം മുഴുവനും വായിക്കണമെന്നില്ല. ഇതുപോലെയുള്ള സംഭവം 8-2-1965-ൽ വെസ്റ്റ് ബംഗാൾ നിയമസഭയിലും ഉണ്ടായി. ഗവർണ്ണറുടെ പ്രസംഗത്തിനിടയിൽ സഭയിൽ ബഹളമുണ്ടായതിനെ തുടർന്ന് ആ പ്രസംഗം മേശപ്പുറത്ത് വയ്ക്കുകയും.....(ബഹളം)

മി. സ്പീക്കർ : ദയവായി ധനകാര്യമന്ത്രിയെ സംസാരിക്കാൻ അനുവദിക്കണം. പുത്തരിയിലേ കല്ല് കടിക്കണ്ട. അദ്ദേഹം പറഞ്ഞു കഴിഞ്ഞതിനു ശേഷം നമുക്ക് സംസാരിക്കാം.

ശ്രീ. കെ. എം. മാണി : ഇവിടെ നിയമാനുസൃതമായ പ്രസംഗം നടന്നുവെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. യാതൊരു അപാകതയുമില്ല. ഗവർണ്ണർ നിയമാനുസൃതമായ, ഭരണഘടനാപരമായ പ്രസംഗം നടത്തി കഴിഞ്ഞിരിക്കുന്നു അതിനെ ചലഞ്ച് ചെയ്യുന്നത് അടിസ്ഥാനരഹിതമാണ്.

ശ്രീ ഈ. കെ. നായനാർ : സ്പീക്കർ സർ, ഇവിടെ ചന്ദ്രശേഖരൻ നായർ ഉന്നയിച്ച പോയിന്റ് ഓഫ് ആർഡർ ഭരണഘടനയുടെ 176-ാം വകുപ്പുപ്രകാരം ഗവർണ്ണർ അസംബ്ലിയിൽ മുഴുവനും പ്രസംഗിച്ചിട്ടില്ലെന്നും അതുകൊണ്ട് ഈ അസംബ്ലി സ്പീക്കറുടെ ഫൈനൽ റൂളിങ്ങ് വരുന്നതുവരെ തുടരാൻ പാടില്ലെന്നും ആണ്. അതു സംബന്ധിച്ചുള്ള വിശദീകരണം റൂളിങ്ങിനു ശേഷം നൽകുന്നത് ന്യായമായിട്ടുള്ളതല്ല, ശരിയായിട്ടുള്ള നടപടിക്രമമല്ല. അതുകൊണ്ട് അസംബ്ലിയിലെ നടപടികൾ തുടരാൻ പാടില്ല. 176-ാം വകുപ്പു പ്രകാരം ഗവർണ്ണർ പൂർണ്ണമായിട്ടും പ്രസംഗിക്കണം. ഗവർണ്ണർ പ്രസംഗിച്ചിട്ടില്ല എന്നതാണ് ഇവിടെ പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : പ്രതിപക്ഷ നേതാവ് എന്ത് ഒഴിവാക്കണമെന്ന് പറയുന്നുവോ അതാണ് ശ്രീ. മാണി ആവശ്യപ്പെടുന്നത്. ആ പ്രശ്നം തീർന്നു.

ശ്രീ എ. സി. ഷൺമുഖദാസ് : സർ, സ്പീക്കർ എനിക്ക് സമയം തരാം എന്നു പറഞ്ഞതാണ്..... (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഒരു പാർട്ടി നേതാവിനേയും ഞാൻ പ്രത്യേകമായിട്ട് വിളിച്ചിട്ടില്ല. ശ്രീ. ചന്ദ്രശേഖരൻനായർ ഉന്നയിച്ച പോയിൻറ് ഓഫ് ആർഡറിനെ സംബന്ധിച്ച് ചില ക്ലാരിഫിക്കേഷൻ നൽകാൻ ഒന്നു രണ്ട് മെമ്പർമാരെ അനുവദിച്ചു. പ്രതിപക്ഷനേതാവ് ആ കാര്യത്തെക്കുറിച്ച് പറഞ്ഞു. സഭാനേതാവിന് അതേക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഒരു തർക്കത്തിന്റെ കാര്യമില്ല. അദ്ദേഹം ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് അങ്ങേയ്ക്ക് പറയാനുള്ളത് പറഞ്ഞു. പക്ഷെ എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ബേബിജോൺ ഉന്നയിച്ച വാദം ഇവിടെ നിലനിൽക്കത്തക്കതല്ല. കാരണം ഗവർണ്ണർ ഈ സഭയിൽ ഒരു പ്രസംഗം ചെയ്യാത്ത ഒരു സാഹചര്യമാണ് ഉണ്ടായിരുന്നതെങ്കിൽ ആ പ്രസംഗം അംഗീകരിച്ചുകൊണ്ട് ആ പ്രസംഗത്തിന് ഒരു നന്ദി പ്രമേയത്തിന് അനുവാദം കൊടുക്കാൻ അന്ന് നിലവിലുണ്ടായിരുന്ന സ്പീക്കർ മുതിരുമായിരുന്നില്ല. നന്ദി പ്രമേയത്തിന് നോട്ടീസ് കൊടുക്കുകയും അതിനുശേഷം സഭ കൂടി മറെറാരു സ്പീക്കറെ തെരഞ്ഞെടുക്കുകയും ഇന്ന് ചർച്ചയ്ക്ക് വിഷയീഭവിക്കുകയും ചെയ്തിരിക്കുകയാണ്. ഗവർണ്ണർ പ്രസംഗം ചെയ്തുവെന്നുള്ള കാരണത്താൽതന്നെ അന്നുണ്ടായിരുന്ന സ്പീക്കർ അത് അംഗീകരിച്ച് സഭാനടപടികളും മുന്നോട്ടു കൊണ്ടുപോയ സാഹചര്യത്തിൽ അതിന് വിപരീതമായി ഒരു റൂളിങ്ങ് കൊടുക്കേണ്ട പ്രശ്നമില്ല. (ബഹളം) ശ്രീ. ചന്ദ്രശേഖരൻ നായർക്കുള്ള സംശയം തീർത്തുകൊടുക്കുന്നതും സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകുന്നതും രണ്ടും രണ്ടാണ്. സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകാനുള്ള കാര്യത്തിൽ അങ്ങ് റൂളിങ്ങ് നൽകിയിട്ടില്ല. റൂളിങ്ങിന്റെ പ്രശ്നം ഉദിക്കുന്നില്ല. സംശയം തീർക്കുന്ന കാര്യത്തിൽ പിന്നീട് സംശയം തീർക്കാൻ അവകാശമുണ്ട്. അതേയവസരത്തിൽ സഭാനടപടികളും നിർത്തിവയ്ക്കേണ്ട യാതൊരു സാഹചര്യവുമില്ല, സഭാ നടപടികളും തുടർന്നുകൊണ്ട് പോകണം. (ബഹളം)

III അവിശ്വാസ പ്രമേയം

മി. സ്പീക്കർ : ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാനുള്ളവർ സംസാരിച്ചു കഴിഞ്ഞു. ഇനി ആ പ്രശ്നത്തെക്കുറിച്ച് സംസാരിക്കേണ്ടതില്ല. I have received notices of motions from Shri K. Pankajakshan and Shri A. C. Shanmugha Das expressing want of confidence in the Council of Ministers headed by Shri K. Karunakaran. The notice from Shri K. Pankajakshan was received first. It reads as follows :

"This House expresses its want of confidence in the Council of Ministers headed by Shri K. Karunakaran".

Members who are in favour of leave being granted will please rise in their seats.

(More than twnety members from the Opposition rose in their seats)

More than twenty members are in favour of leave being granted. Leave is accordingly granted. The motion will be taken up for discussion.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഈ സഭയുടെ നടപടിച്ചട്ടമനുസരിച്ച്, ഗവർണ്ണറുടെ പ്രസംഗത്തെ സംബന്ധിച്ചുള്ള നന്ദിപ്രമേയം സഭയുടെ ചർച്ചയിലിരിക്കുമ്പോൾ മറെറ് ചർച്ചകൾക്ക് സ്ഥാനമില്ല. എന്നാൽ ഈ ഗവൺമെൻറിനെതിരായി അവിശ്വാസപ്രമേയം വന്ന സാഹചര്യത്തിൽ ഒരു നിമിഷവും വൈകാതെ, ആ സംശയത്തിന്റെ ധൂമമറ നീക്കുന്നതിനുവേണ്ടിയിട്ട്, ഈ സഭയുടെ അംഗീകാരത്തോടുകൂടി അവിശ്വാസ പ്രമേയത്തിന്റെ ചർച്ച ഇപ്പോൾ തന്നെ തുടങ്ങണമെന്നാണ്" ഞാൻ അഭ്യർത്ഥിക്കുന്നത്.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly